# പോലീസ് വകുപ്പ്

# കേരളം

**No.M5-222266/2022/PHQ**
പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
✉phq.pol@kerala.gov.in
📞04712721547
തീയതി. 21-07-2023

**സർക്കുലർ. 10/2023/പി എച്ച് ക്യൂ**

വിഷയം : പോലീസ് വെൽഫയർ ബ്യൂറോ (PWB) – വിരമിച്ച / വിരമിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ലൈഫ് ടൈം മെമ്പർഷിപ്പ് സംബന്ധിച്ച്.

സൂചന : 1.02.03.2023 ൽ പോലീസ് ആസ്ഥാനത്തു വച്ച് നടന്ന PWB മീറ്റിങ് മിനുട്സ്, തീരുമാനം നമ്പർ 11 (M5-64/2022/PHQ, തീയതി: 15.03.2023)
2.PWB സബ് കമ്മറ്റി ഈ വിഷയത്തിൽ സമർപ്പിച്ച പഠന റിപ്പോർട്ട് (No.16/Camp/IGP/VACB/2023, തീയതി: 29.03.2023)
3.17.06.2023 ൽ പോലീസ് ആസ്ഥാനത്തു വച്ച് നടന്ന PWB മീറ്റിങ് മിനുട്സ്, തീരുമാനം നമ്പർ 6 (M5-36641/2023/PHQ, തീയതി: 26.06.2023)

പോലീസ് വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്നും വിരമിച്ച / വിരമിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പോലീസ് വെൽഫയർ ബ്യൂറോയിൽ (PWB) നിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടി നിലവിലുണ്ടായിരുന്ന വാർഷിക വരിസംഖ്യ സമ്പ്രദായം നിർത്തലാക്കി പകരം ലൈഫ് ടൈം മെമ്പർഷിപ്പ് പദ്ധതിക്ക് രൂപം നൽകുവാൻ മേൽ സൂചനകൾ പ്രകാരം തീരുമാനിച്ചിട്ടുള്ളതാകുന്നു.

വിരമിച്ച / വിരമിക്കുന്ന പോലീസ് സേനാംഗങ്ങൾക്ക് PWB ലൈഫ് ടൈം മെമ്പർഷിപ്പ് ലഭിക്കുന്നതിനും മെമ്പർഷിപ്പ് തുക യൂണിറ്റുകളിൽ പണമായി സ്വീകരിക്കുന്നതിനുമായി താഴെ പറയുന്ന പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന പോലീസ് മേധാവി മുതൽ പോലീസ് കോൺസ്റ്റബിൾ വരെയുള്ള യൂണിഫോം വിഭാഗത്തിൽ നിന്നും വിരമിച്ച / വിരമിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് മാത്രമേ PWB ലൈഫ് ടൈം മെമ്പർഷിപ്പിന് അർഹതയുള്ളൂ.

2. 31.08.2023 മുതൽ സർവ്വീസിൽ നിന്നും വിരമിക്കുന്നവരും നിലവിൽ PWB മാസവരി കൃത്യമായി ഒടുക്കുന്നവരുമായ സേനാംഗങ്ങൾ വിരമിക്കുന്ന മാസം തന്നെ Rs.10,000/- (പതിനായിരം രൂപ) ഒറ്റ തവണയായി ഒടുക്കി ലൈഫ് ടൈം മെമ്പർഷിപ്പ് നേടാവുന്നതാണ്.

3. വിരമിക്കുന്ന സേനാംഗങ്ങളുടെ ലൈഫ് ടൈം മെമ്പർഷിപ്പ് തുക വിരമിക്കുന്ന യൂണിറ്റിലെ യൂണിറ്റ് മേധാവി മുഖാന്തിരം ആണ് ഒടുക്കേണ്ടത്. തുക സ്വീകരിക്കുന്നതിന് ക്യാഷ്യർ തസ്തിക കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനെ യൂണിറ്റ് മേധാവി ചുമതലപ്പെടുത്തേണ്ടതാണ്. ക്യാഷ്യർ തസ്തിക നിലവിലില്ലാത്ത യൂണിറ്റുകളിൽ ടി തുക സ്വീകരിക്കുന്നതിനായി സമാന തസ്തികയിലുള്ള മറ്റൊരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

4. വിരമിച്ച സേനാംഗങ്ങളെ അവരുടെ പ്രായത്തിൻറെ അടിസ്ഥാനത്തിൽ 3 വിഭാഗമായി തിരിച്ചാണ് ലൈഫ് ടൈം മെമ്പർഷിപ്പ് തുക കണക്കാക്കിയിരിക്കുന്നത്.

   a. 56 വയസിനു മുകളിൽ 66 വയസു വരെ - Rs.10,000/- (പതിനായിരം രൂപ)
   b. 66 വയസിനു മുകളിൽ 76 വയസു വരെ - Rs.5,000/- (അയ്യായിരം രൂപ)
   c. 76 വയസിനു മുകളിൽ - Rs.2,500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ)

5. വിരമിച്ച സേനാംഗങ്ങളുടെ ലൈഫ് ടൈം മെമ്പർഷിപ്പ് തുക അവർ നിലവിൽ താമസിക്കുന്ന പോലീസ് ജില്ലയിലെ ജില്ലാ പോലീസ് മേധാവിയുടെ ഓഫിസ് (സി.പി.ഒ / ഡി.പി.ഒ) മുഖാന്തിരം മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ. തുക സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് ഓഫീസുകളിലെ ക്യാഷ്യർ തസ്തിക കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനെ ജില്ലാ പോലീസ് മേധാവി ചുമതലപ്പെടുത്തേണ്ടതാണ്.

6. വിരമിച്ച സേനാംഗങ്ങൾക്ക് 01.08.2023 മുതൽ 31.10.2023 വരെയുള്ള മൂന്നു മാസ കാലയളവിനുള്ളിൽ അവരുടെ നിലവിലെ പ്രായത്തിനനുസരിച്ചുള്ള വിഭാഗത്തിലെ തുക ഒടുക്കി ലൈഫ് ടൈം മെമ്പർഷിപ്പ് നേടാവുന്നതാണ്. ഈ മൂന്നു മാസത്തെ window period നുള്ളിൽ തുക ഒടുക്കാത്തവർക്ക് പിന്നീട് ഒരു അവസരം ലഭിക്കുന്നതല്ല.

7. തുക ഒടുക്കുന്നതിനായി സി.പി.ഒ/ഡി.പി.ഒ യിൽ എത്തുന്നവർ പോലീസ് വകുപ്പിൽ നിന്നും വിരമിച്ച സേനാംഗങ്ങൾ ആണെന്നും വെൽഫെയർ ബ്യൂറോ അംഗത്വത്തിന് അർഹതയുള്ളവർ ആണ് എന്നും പണം സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

8. തുക അടക്കുവാൻ എത്തുന്ന വിരമിച്ച സേനാംഗങ്ങളുടെ പ്രായം, രേഖകൾ പരിശോധിച്ചു ഉറപ്പ് വരുത്തി പ്രായവിഭാഗത്തിന് ബാധകമായ തുക തന്നെ കൃത്യമായും വാങ്ങേണ്ടതാണ്.

9. ഈ കത്തിനൊപ്പം **അനുബന്ധം 1**ആയി ഉൾപ്പെടുത്തിയിരിക്കുന്ന രസീതിൻറെ പകർപ്പ് പണം ഒടുക്കുവാനായി എത്തുന്ന

വ്യക്തിക്ക് നൽകേണ്ടതും ആയതു പൂർണമായും പൂരിപ്പിച്ച പണത്തിനൊപ്പം തിരികെ വാങ്ങേണ്ടതുമാണ്. എല്ലാ കളങ്ങളും വ്യക്തമായി പൂരിപ്പിച്ചിട്ടുണ്ട് എന്ന് ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

10. പണം കൈപ്പറ്റി, രസീത് പരിശോധിച്ച് തൃപ്തിപ്പെട്ടതിന് ശേഷം രസീതിൽ അംഗത്വ നമ്പർ എഴുതി ഓഫീസിൽ പൂരിപ്പിക്കേണ്ട മറ്റു ഭാഗങ്ങൾ പൂരിപ്പിച്ച തീയതി, തുക, തുക സ്വീകരിച്ച ഉദ്യോഗസ്ഥൻറെ തസ്തിക, ഒപ്പ്, ഓഫിസ് സീൽ ഇവ രേഖപ്പെടുത്തിയ ശേഷം രസീതിന്റെ അവസാന ഭാഗം കൈപ്പറ്റ് രസീത് ആയി പണം ഒടുക്കുന്ന വ്യക്തിക്ക് തിരികെ നൽകേണ്ടതാണ്.

11. ക്രമ നമ്പർ/വർഷം/യൂണിറ്റ് എന്ന ക്രമത്തിൽ ആണ് അംഗത്വ നമ്പർ നൽകേണ്ടത് (ഉദാഹരണം: 1/2023/TVPM City, 118/2024/TVPM City, 5/2023/CB ALPY, 12/2024/CB ALPY). ഒരു വ്യക്തിക്ക് നൽകുന്ന മെമ്പർഷിപ് നമ്പർ മറ്റൊരാൾക്ക് ആവർത്തിക്കുന്നില്ല എന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

12. രസീതിൽ വിവരങ്ങൾ കൃത്യമാണെന്നു ഇരു വിഭാഗവും ഉറപ്പ് വരുത്തേണ്ടതാണ്.

13. സ്വീകരിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് PWB ലൈഫ് ടൈം മെമ്പർഷിപ്പ് രജിസ്റ്റർ എന്ന പേരിൽ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സ്വീകരിക്കുന്ന തുക സംബന്ധിച്ച വിശദ വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതാത് ദിവസം തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ആയതു പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. തുക ഒടുക്കുന്ന വ്യക്തിയെ സംബന്ധിച്ചുള്ള പൂർണമായ വിവരങ്ങൾ എല്ലാം തന്നെ രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. (പേര്, വയസ്സ്, വിരമിച്ച റാങ്ക്, PEN / PPO Number, ഒടുക്കിയ തുക, തീയതി, മുതലായവ)

14. ലൈഫ് ടൈം മെമ്പർഷിപ്പ് ഇനത്തിൽ ലഭിക്കുന്ന തുക സർവീസിലുള്ള സേനാംഗങ്ങളുടെ PWB മാസവരിയും ലോണും അടയ്ക്കുന്നതിനൊപ്പം അതാത് മാസം ബാങ്കിൽ ഒടുക്കേണ്ടതാണ്. (എസ്.ബി.ഐ. ആൽത്തറ ജംഗ്ഷൻ ബ്രാഞ്ച്, തിരുവനന്തപുരം, അക്കൗണ്ട് നമ്പർ: 32043046889). റിക്കവറി വിവരങ്ങൾ പോലീസ് ആസ്ഥാനത്തേയ്ക്ക് മാസാമാസം അറിയിക്കുന്ന കത്തിൽ ലൈഫ് ടൈം മെമ്പർഷിപ്പ് ഇനത്തിൽ ലഭിച്ച തുക കൂടി (പേരും മറ്റ് വിശദ വിവരങ്ങൾ സഹിതം) വ്യക്തമായി പരാമർശിച്ച അയക്കേണ്ടതാണ്.

15. പണം ഒടുക്കിയ ശേഷം മെമ്പർഷിപ്പ് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയ രസീത് ലഭിച്ചു എന്ന് വിരമിച്ച / വിരമിക്കുന്ന സേനാംഗങ്ങൾ ഉറപ്പ് വരുത്തുക.

16. വിരമിച്ച സേനാംഗങ്ങൾ PWB യിൽ നിന്നും ചികിത്സാ ധനസഹായത്തിനും മറ്റ് ആവശ്യങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ ടി രസീതിൻറെ പകർപ്പ് നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്.

17. വിരമിച്ച / വിരമിക്കുന്ന സേനാംഗങ്ങൾ ഒരു കാരണവശാലും ലൈഫ് ടൈം മെമ്പർഷിപ്പ് തുക നേരിട്ട് PWB ബാങ്ക് അക്കൗണ്ടിൽ ഒടുക്കുവാൻ പാടുള്ളതല്ല.

18. വിരമിക്കുന്നവരിൽ PWB ലൈഫ് ടൈം മെമ്പർഷിപ്പിനു താൽപ്പര്യം ഇല്ലാത്ത ഉദ്യോഗസ്ഥർ ഈ കത്തിനൊപ്പം **അനുബന്ധം 2** ആയി ഉൾപ്പെടുത്തിയിരിക്കുന്ന വിസമ്മതപത്രം പൂരിപ്പിച്ച് ഒപ്പിട്ട് യൂണിറ്റ് മേധാവി മുൻപാകെ സമർപ്പിക്കേണ്ടതാണ്.

19. PWB ലൈഫ് ടൈം മെമ്പർഷിപ്പിനു താൽപ്പര്യം ഇല്ലാത്ത എല്ലാ സേനാംഗങ്ങളിൽ നിന്നും വിസമ്മതപത്രം വാങ്ങിയിട്ടുണ്ട് എന്ന് യൂണിറ്റ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. അവരുടെ പേരുവിവരം PWB ലൈഫ് ടൈം മെമ്പർഷിപ്പ് രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

20. വിസമ്മതപത്രം സമർപ്പിക്കുന്ന സേനാംഗങ്ങൾക്ക് പിന്നീട് PWB അംഗത്വത്തിനും PWB യിൽ നിന്നുള്ള യാതൊരു വിധ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

21. ഏറ്റവും കുറഞ്ഞത് 1000 വിരമിച്ച സേനാംഗങ്ങൾ എങ്കിലും അംഗങ്ങളായി ചേർന്നാൽ മാത്രമേ ഈ പദ്ധതി നിലവിൽ വരികയുള്ളൂ. ആയതിനാൽ 01.08.2023 മുതൽ 31.10.2023 വരെയുള്ള window period നുള്ളിൽ തന്നെ പദ്ധതിയിൽ പരമാവധി വിരമിച്ച സേനാംഗങ്ങൾ അംഗങ്ങളായിട്ടുണ്ട് എന്ന് പോലീസ് പെൻഷനേഴ്സ് സംഘടനകൾ ഉറപ്പുവരുത്തേണ്ടതാണ്. ആയതിലേക്കായി ഈ സംഘടനകൾ പത്ര/ ദൃശ്യ / ശ്രവ്യ മാധ്യമങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും ഈ വിവരം വിരമിച്ച സേനാംഗങ്ങളെ അറിയിക്കേണ്ടതാണ്.

22. മൂന്നു മാസത്തെ window period നുള്ളിൽ ഏറ്റവും കുറഞ്ഞത് 1000 വിരമിച്ച സേനാംഗങ്ങൾ എങ്കിലും അംഗങ്ങളായി ചേരാത്ത സാഹചര്യം ഉണ്ടായാൽ അടച്ച തുക തിരിച്ചു നൽകി ഈ പദ്ധതി ഉപേക്ഷിക്കുന്നതായിരിക്കും.

23. പദ്ധതി പൂർണമായും നിലവിൽ വരുന്ന പക്ഷം യാതൊരു സാഹചര്യത്തിലും ലൈഫ് ടൈം മെമ്പർഷിപ്പ് തുക തിരികെ നൽകുന്നതല്ല.

24. വാർഷിക വരിസംഖ്യ സമ്പ്രദായം സംബന്ധിച്ച് സർക്കുലർ No.30/2021/PHQ( M5-156889/2021/PHQ, തീയതി 05.11.2021) പ്രകാരം പുറപ്പെടുവിച്ച സർക്കുലർ ഇതിനാൽ റദ്ദാകുന്നതാണ്.

25. യൂണിറ്റ് മേധാവികൾ എല്ലാ സേനാംഗങ്ങളെയും (സബ് യൂണിറ്റ് അടക്കം) ഈ വിവരം അറിയിക്കേണ്ടതും ഈ സർക്കുലറിൻറെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

ബാലറാം കുമാർ ഉപാധ്യായ് ഐ പി എസ്

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്

സ്വീകർത്താവ് : ഡയറക്ടർ, വിജിലൻസ് & ആൻറികറപ്ഷൻ ബ്യൂറോ, എല്ലാ യൂണിറ്റ് മേധാവികൾക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.
KPPA ,KSPPWA എന്നീ പെൻഷൻ സംഘടനകളുടെ സംസ്ഥാന ഭാരവാഹികൾക്ക് അറിവിലേയ്ക്കും, window period നുള്ളിൽ തന്നെ പദ്ധതിയിൽ പരമാവധി വിരമിച്ച സേനാംഗങ്ങൾ അംഗങ്ങളായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി.

പകർപ്പ് : പോലീസ് വെൽഫയർ ബ്യൂറോയുടെ ചെയർമാൻ , സെക്രട്ടറി, മറ്റ് അംഗങ്ങൾക്കും അറിവിലേക്ക്.
സംസ്ഥാന പോലീസ് മേധാവി, എ.ഡി.ജി.പി എച്ച്.ക്യു , എ.ഐ.ജി I എന്നിവരുടെ സി. എ മാർക്ക് അറിവിലേക്ക്.
കാഷ്യർ, പോലീസ് ആസ്ഥാനത്തിന് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.
ഓർഡർ രജിസ്റ്റർ.

Internal Administrative Processing System
iAPS
KERALA POLICE